ഹദീസ്

എം.എസ്.എ റസാഖ്

# സ്വകാര്യ ജീവിതത്തിൽ കൈവിട്ടുപോകുന്ന നന്മകൾ

عَنْ ثَوْبَانَ، عَنِ النَّبِيِّ ـ صلى الله عليه وسلم أَنَّهُ قَالَ : لَأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا فَيَجْعَلُهَا اللَّهُ عَزَّوَجَلَّ هَبَاءً مَنْثُورًا . قَالَ ثَوْبَانُ : يَا رَسُولَ اللَّهِ صِفْهُمْ لَنَا جَلِّهِمْ لَنَا أَنْ لاَ نَكُونَ مِنْهُمْ وَنَحْنُ لاَ نَعْلَمُ . قَالَ : أَمَا إِنَّهُمْ إِخْوَانُكُمْ وَمِنْ جِلْدَتِكُمْ وَيَأْخُذُونَ مِنَ اللَّيْلِ كَمَا تَأْخُذُونَ وَلَكِنَّهُمْ أَقْوَامٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا(رواه ابن ماجه وصحّحه الباني)

**സൗബാനി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "എന്റെ സമുദായത്തിൽനിന്നൊരു കൂട്ടരെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കാം. അവർ അന്ത്യദിനത്തിൽ തിഹാമ പർവതനിരകളുടെ അത്ര വലുപ്പത്തിൽ നന്മകളുമായി വരും. അല്ലാഹു അതിനെ ചിതറിയ ധൂളി പോലെ ആക്കിത്തീർക്കും. സൗബാൻ (റ) ചോദിച്ചു: പ്രവാചകരേ, അവർ ആരാണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തന്നാലും; ഞങ്ങൾ അറിയാതെ തന്നെ അത്തരക്കാരിൽ അകപ്പെടാതിരിക്കാൻ. പ്രവാചകൻ പറഞ്ഞു: അറിയുക, അവർ നിങ്ങളുടെ സഹോദരന്മാരാകുന്നു. നിങ്ങളുടെ വർഗക്കാരുമാകുന്നു. നിങ്ങളെപ്പോലെ അവരും രാത്രിയിൽ ആരാധനകൾ അനുഷ്ഠിക്കുന്നു. പക്ഷേ, അവർ ഏകാന്തതയിലാകുമ്പോൾ അല്ലാഹുവിന്റെ വിലക്കുകളെ ലംഘിക്കുന്നു" (ഇബ്നുമാജ. അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്).**

അന്ത്യദിനത്തിൽ മുസ്‌ലിം സമൂഹത്തിലെ ഒരു വിഭാഗം ധാരാളം സുകൃതങ്ങളുമായി കടന്നുവരുന്നതിനെക്കുറിച്ചാണ് ഈ ഹദീസ്. തിഹാമ മലനിരകളുടെ ആകാരവലുപ്പമുണ്ടാകും ആ നന്മകൾക്ക്. നന്മകളുടെ ആധിക്യത്തെ സൂചിപ്പിക്കാനാണ് അവയെ തിഹാമ മലനിരകളോട് ഉപമിച്ചത്. പക്ഷേ, അവർ തങ്ങളുടെ സ്വകാര്യ ജീവിതത്തിൽ അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങൾ പ്രവർത്തിച്ചവരും അല്ലാഹു കൽപിച്ച കാര്യങ്ങൾ ഉപേക്ഷിച്ചവരും അല്ലാഹു പവിത്രമാക്കിയവയെ അതിലംഘിച്ചവരുമായിരിക്കും. പ്രത്യക്ഷത്തിൽ ഭക്തരെങ്കിലും അന്യരിൽനിന്ന് മാറി ഏകാന്തതയിലാവുമ്പോൾ അല്ലാഹുവിന്റെ നിയമപരിധികൾ സൂക്ഷിക്കാതെ ജീവിക്കുന്നവരാണിവർ.

സ്രഷ്ടാവായ അല്ലാഹു മനുഷ്യന്റെ കർമങ്ങളും മനോവിചാരങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ അവബോധം ദൈവദാസനെ സദാ സമയവും അല്ലാഹുവിന്റെ നിയമപരിധികൾ പാലിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുന്നു. അവന്റെ രഹസ്യവും പരസ്യവുമായ ജീവിതത്തിലെ സകല വ്യവഹാരങ്ങളിലും ദൈവഹിതത്തിനനുസൃതമായി പ്രവർത്തിക്കുന്നു. അബദ്ധവശാൽ വല്ല തെറ്റും ചെയ്തുപോവുകയോ കാലിടറിവീഴുകയോ ചെയ്താൽ ഉടൻ, അല്ലാഹു തന്നെ നിരീക്ഷിക്കുന്നുണ്ടെന്ന ബോധം അവനെ ജാഗരൂഗനാക്കും. അതവനെ തെറ്റിൽനിന്നകറ്റിനിർത്തും. സുകൃതങ്ങളിൽ മുഴുകാൻ പ്രേരിപ്പിക്കും. കാരണം അല്ലാഹു മനുഷ്യന്റെ രഹസ്യവും പരസ്യവും അറിയുന്നവനാണ്.

ജനങ്ങളുടെ മുന്നിൽ നല്ലവരായി ചമയുകയും നന്മകൾ പ്രവർത്തിക്കുകയും ചെയ്യുന്ന ചിലർ ജനങ്ങളിൽനിന്ന് അകലത്താണ് എന്ന് ഉറപ്പായാൽ കൽപനകൾ അതിലംഘിക്കുന്നു. ഇത്തരം സ്വഭാവമുള്ളവരെക്കുറിച്ച് ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) പറയുന്നു: ''അവർ ജനങ്ങളുടെ മുന്നിൽ സജ്ജനങ്ങളാണെന്നു തോന്നും. അവരുടെ വസ്ത്രധാരണവും പെരുമാറ്റവും കണ്ടാൽ ജനം അങ്ങനെ തെറ്റിദ്ധരിച്ചുപോകും. ജനങ്ങളിൽനിന്നകന്ന് ഏകാന്തതയിലായിക്കഴിഞ്ഞാൽ തെറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരായിരിക്കും.'' 'അവർ ഒറ്റക്കായാൽ' എന്നതിനെ, അവസരം ഒത്തുവന്നാലോ അനുകൂല സാഹചര്യം ഉണ്ടായാലോ നിഷിദ്ധങ്ങൾ പ്രവർത്തിക്കുകയും അല്ലാഹു കൽപിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നവരായിരിക്കും എന്നാണ് ശൈഖ് അൽബാനി വ്യാഖ്യാനിച്ചിട്ടുള്ളത്. സ്വകാര്യ ജീവിതത്തിൽ സൂക്ഷ്മത കാണിക്കാത്തവരാണവർ. ഈ പ്രവണത അപകടകരമാണെന്ന് ഉണർത്തുകയാണ് നബി(സ).

ഇത്തരം സ്വഭാവക്കാർ ജീവിതത്തിൽ വിവിധ മുഖങ്ങൾ സൂക്ഷിക്കുന്നവരാണ്. ദേഹേഛ അവരുടെ ഈമാനിനെ മറികടക്കും. ശാരീരിക മോഹങ്ങൾ അവരെ അന്ധരാക്കും. ദീനിന്റെ ഉദ്ബോധനങ്ങൾ അവർ ശ്രവിക്കാറില്ല. ശ്രവിച്ചാൽ തന്നെ പരിഗണിക്കാറുമില്ല. അവർ മനുഷ്യർക്കു വേണ്ടിയാണ് നന്മകൾ പ്രവർത്തിക്കുന്നത്. മനുഷ്യരുടെ തൃപ്തിയാണവർ ആഗ്രഹിക്കുന്നതും. അവർ പർവതം കണക്കെ നന്മകൾ ചെയ്തുകൂട്ടും. ദേഹേഛയുടെ ആധിപത്യത്തിൽ അമരുന്ന അവർ സ്വകാര്യ ജീവിതത്തിൽ സൂക്ഷ്മത കാണിക്കാറില്ല. ജനങ്ങളുടെ മുന്നിൽ നല്ലവരായി അഭിനയിക്കും.

പൊതുജീവിതത്തിലെന്ന പോലെ സ്വകാര്യ ജീവിതത്തിലും കൂടുതൽ ഭക്തരും ആരാധനാനിഷ്ഠരുമാവുകയാ